(ഡി) ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളിൽ വേക്കൻസി റിസർവ്വ് ചെയ്ത് നിയമനം നൽകുമ്പോൾ പി.ഡബ്ല്യു.ഡി., ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ വേക്കൻസി റിപ്പോർട്ട് ചെയ്യുവാൻ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് ഒഴിവാക്കി അതാതു വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകളിൽ 10 ശതമാനം പ്രസ്തുത പദ്ധതി പ്രകാരമുള്ള നിയമനത്തിനായി മാറ്റി വച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൽ. ഡി. ക്ലാർക്ക് തസ്തികയിൽ 31-1-2006 വരെ 478 അപേക്ഷകരാണുള്ളത്. സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി & ഇ) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം എൽ. ഡി. സി. തസ്തികയിലേക്ക് 5 ശതമാനം ഒഴിവുകളാണ് വിവിധ വകുപ്പുകളിൽ നീക്കിവച്ചിട്ടുള്ളത്. നിലവിലുള്ള നിയമനരീതി തുടരുന്നതാണ് ഉത്തമം.

നരേന്ദ്രൻ കമ്മീഷൻ ശുപാർശകളിന്മേൽ സർക്കാർ നയം

40 [849] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നാളിതുവരെ നടപ്പാക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് 2-2-2006-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. ††

സംവരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്ഥിരം കമ്മീഷൻ

41 [850] ശ്രീ. പി. കെ. അബ്ദുറബ്ബ് :
,, ചെർക്കളം അബ്ദുള്ള :
,, പി. കെ. കെ. ബാവ :
,, സി. മോയിൻകുട്ടി :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായത്തിന് അർഹമായ സംവരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്ഥിരം കമ്മീഷനെ നിയമിക്കുമെന്ന് തീരുമാനിച്ചതിന്റെ ഫലമായി കമ്മീഷൻ നിലവിൽ വന്നോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിലെ അംഗങ്ങളാരെല്ലാമാണ് എന്ന് അറിയിക്കുമോ ;

(സി) സംവരണം പുനർ നിർണ്ണയിക്കാൻ ഈ കമ്മീഷന് അധികാരം നൽകുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി കമ്മീഷൻ ആധാരമാക്കുന്ന കാര്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2-2-2006-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 08/06/പജപവവിവ പ്രകാരം, ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും അംഗങ്ങളായി ഒ.ബി.സി. സംവരണം പൂർണ്ണമായും പാലിക്കുന്നത് ഉറപ്പുവരുത്തുവാൻ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിൽ നിലവിലുള്ളതുപോലെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതതല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും ജനസംഖ്യയും സാമൂഹ്യ പിന്നോക്കാവസ്ഥയും നിലവിലുള്ള സംവരണ സമുദായങ്ങളുടെ പ്രാതിനിധ്യവും പരിഗണിച്ച് സംവരണം പുനർനിർണയം ചെയ്യാൻ ഇന്ദിരാസാഹ്നി കേസിലെ സുപ്രീംകോടതി വിധിയുടെ നിർദ്ദേശം അനുസരിച്ച് സ്ഥിരം കമ്മീഷനെ നിയമിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി—ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന നടപടി

42 [851] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളിലായി ആകെ എത്ര ജീവനക്കാരുണ്ടായിരുന്നു എന്നതിന്റെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) 2005-2006 വർഷത്തിൽ ഓരോ വകുപ്പിലും എത്ര ജീവനക്കാർ വീതമാണ് ഉള്ളതെന്ന് അറിയിക്കാമോ ;

(സി) ജീവനക്കാരുടെ എണ്ണത്തിലുള്ള വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇക്കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളിൽ ഏതൊക്കെ തസ്തികകളിലായി എത്ര ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly